LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം

151 [2589] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ പഞ്ചായത്തിലെ പുത്തൂരിലുള്ള കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ ഇപ്പോൾ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം എത്രയാണ്;

(ബി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ എത്ര രൂപയുടെ ഹോമിയോ മരുന്നുകൾ ഈ ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്;

(സി) ഈ ആശുപത്രിയിൽ രണ്ടാം നിലയുടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഡിപ്പാർട്ട്മെന്റിൽനിന്ന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ഇരുപത്തിയഞ്ച്

(ബി) 75,320 രൂപയ്ക്കുള്ള മരുന്നുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല. അധിക സാമ്പത്തികബാധ്യത വരുത്തിവയ്ക്കുമെന്നതിനാൽ ഇപ്രകാരം ഒരു നിർദ്ദേശം നൽകുവാൻ തൽക്കാലം നിർവ്വാഹമില്ല.

തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ക്യാന്റീൻ

152 [2590] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ക്യാന്റീൻ സർക്കാർ നിയമങ്ങൾക്ക് വിധേയമായാണോ പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ;

(ബി) സ്വകാര്യ വ്യക്തി നടത്തിക്കൊണ്ടിരിക്കുന്ന ക്യാന്റീനിൽനിന്നും വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നീ ഇനങ്ങളിൽ സർക്കാരിൽ ലഭിക്കേണ്ട തുക നാളിതുവരെ അടച്ചിട്ടില്ല എന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;